**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ നീതി വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | സാമൂഹ്യനീതി വകുപ്പ് വഴി സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളായ വയോജനം, ഭിന്നശേഷി, ട്രാൻസ്ജെൻഡർ, പ്രൊബേഷൻ & ആഫ്റ്റർ കെയർ എന്നീ വിഭാഗങ്ങളിലുള്ളവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികളും പുനരധിവാസ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്. ജില്ലാ തലത്തിലാണ് പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ച് വരുന്നത്. ഇപ്രകാരം ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികൾക്കല്ലാതെ, മണ്ഡലങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പദ്ധതികൾക്കും, പ്രവർത്തനങ്ങൾക്കും മാത്രമായി തുക സാമൂഹ്യനീതി മുഖേന അനുവദിക്കപ്പെടുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികൾക്കായി മഞ്ചേരി മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സാമൂഹ്യനീതി ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർ മുഖ്യ ഗുണഭോക്താക്കളായി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം

## സ്ത്രീകൾ

### 1. മാതൃജ്യോതി

ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പ്രതിമാസം 2,000/-രൂപ ക്രമത്തിൽ കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം

അനുവദിക്കുന്ന പദ്ധതി.

## മാനദണ്ഡങ്ങൾ

1) 60 % മോ അതിലധികമോ ഭിന്നശേഷിയുള്ള അമ്മമാർക്ക് ധനസഹായത്തിന് അപേക്ഷിയ്ക്കാവുന്നതാണ്.
2) ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിയ്ക്കാൻ പാടില്ല.
3 ) ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പാസ്ബുക്കിന്റെ പകർപ്പ്, കുട്ടിയെ പരിചരിക്കാൻ ഒരു സഹായിയെ ആവശ്യമാണ് എന്ന് ഒരു പീഡിയാട്രീഷൻ/ ഗൈനക്കോളജിസ്റ്റിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4) പരമാവധി ഒരാൾക്ക് 2 തവണ മാത്രമേ ആനുകൂല്യം അനുവദിയ്ക്കുകയുള്ളൂ.
5) ഗുണഭോക്താവ് സ്ഥിരതാമസമാക്കിയിട്ടുള്ള ജില്ലയിൽ വേണം അപേക്ഷ സമർപ്പിയ്ക്കേണ്ടത്.
6) ദമ്പതിമാർ രണ്ടുപേരും വൈകല്യബാധിതർ ആണെങ്കിൽ മുൻഗണന നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിൽ രണ്ടുപേരുടേയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.( ഭർത്താവിന്റെ വൈകല്യ ശതമാനം 40% ൽ കൂടുതൽ
7) പ്രസവാനന്തരം 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

(a) മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
(b) ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്.
(c) വരുമാന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിന്റെ അസ്സൽ)
(d) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്.സി കോഡ്)
(e) പാസ് ബുക്കിന്റെ അസ്സൽ

### അപേക്ഷ സമർപ്പിക്കേണ്ട വിധം

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## 2. പരിണയം

ഭിന്നശേഷിമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും/ ഭിന്നശേഷിയുള്ള പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുക എന്നുള്ളതാണ് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പരിണയം പദ്ധതിയുടെ ലക്ഷ്യവും ഉദ്ദേശവും. ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു.

### അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

(a) അപേക്ഷകരായ ഭിന്നശേഷിയുള്ള വ്യക്തിയുടെ കുടുംബത്തിന്റെയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്തവരുമാനം 1,00,000/- രൂപയിൽ കൂടാൻ പാടില്ല.
(b) 2 പെൺമക്കളുടെ വിവാഹത്തിന് ധനസഹായ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആദ്യത്തെ ധനസഹായം അനുവദിച്ച് കഴിഞ്ഞ് ചുരുങ്ങിയത് 3 വർഷത്തിന് ശേഷം മാത്രമേ രണ്ടാമത്തെ കുട്ടിയുടെ ധനസഹായ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. 3 വർഷം എന്നത് ഇളവ് ചെയ്യുന്നതിനുള്ള അധിക്കാരം സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
( c ) ധനസഹായത്തിന് അപേക്ഷിക്കുന്ന ദിവസം വിവാഹം ചെയ്ത് അയയ്ക്കാൻ നിർദ്ദേശിക്കുന്ന പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.
( d ) ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ച് കഴിഞ്ഞതിന് ശേഷം ഏതെങ്കിലും കാരണവശാൽ നിലവിലുള്ള നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തേണ്ടിവരുകയും

രണ്ടാമത് വിവാഹം അതേ പെൺകുട്ടിയ്ക്ക് കഴിക്കേണ്ടിവരികയും ആണെങ്കിൽ അത്തരത്തിലുള്ള രണ്ടാം വിവാഹത്തിനും സഹായധനം നൽകാവുന്നതാണ്. അങ്ങനെ വരുമ്പോൾ മുൻഭർത്താവിൽ നിന്നും ലഭിക്കുന്ന കോമ്പൻസേഷനോ സംരക്ഷണചെലവോ കൂടി കണക്കിലെടുത്ത്കൊണ്ടാവണം കുടുംബവാർഷിക വരുമാനം കണക്കാക്കേണ്ടത്.

( e ) അപേക്ഷകനായ ഭിന്നശേഷിക്കാരൻ പെൺമക്കളുടെ വിവാഹത്തിന് മുമ്പേ മരിച്ചുപോകുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കേണ്ട ചുമതലയുള്ള കുടുംബത്തിലെ മറ്റ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റ് അംഗങ്ങൾ ആരുംതന്നെ ഇല്ലാത്തപക്ഷം വിവാഹം നടത്തികൊടുക്കുന്നതിന് മുമ്പോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് വിവാഹിതയാകേണ്ട പെൺകുട്ടിയുടെ സമ്മതപത്രം കൂടി ആവശ്യമാണ്.

( f ) അപേക്ഷകനായ ഭിന്നശേഷിക്കാരൻ തന്റെ മകളുടെ വിവാഹത്തിന് ശേഷം എന്നാൽ ധനസഹായം ലഭിക്കുന്നതിന് മുമ്പ് മരിച്ചുപോകുകയാണെങ്കിൽ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തികൊടുത്ത അംഗത്തിനോ വ്യക്തിക്കോ തക്കതായ ഈടിന്മേൽ ധനസഹായം നൽകാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ മേൽ പറഞ്ഞ കുടുംബാംഗം/വ്യക്തി ധനസഹായം വാങ്ങുന്നതിന് ഉത്തരവാദിത്തപ്പെട്ട ആളാണെന്ന് വികലാംഗന്റെ മകളും വിവാഹിതയുമായ സ്ത്രീ ഒരു സാക്ഷ്യപത്രം നൽകേണ്ടതാണ്.

വിശദീകരണം:- ഭിന്നശേഷിയുള്ള വ്യക്തി സ്ഥിരബുദ്ധി ഇല്ലാത്ത വ്യക്തിയാണെങ്കിൽ പെൺകുട്ടിയുടെ കുടുംബത്തിലെ വിവാഹം നടത്തിയ്ക്കുവാൻ ഉതരവാദിത്തപ്പെട്ട മറ്റൊരു വ്യക്തിയ്ക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതും തക്കതായ ഈടിന്മേൽ ധനസഹായം സ്വീകരിയ്ക്കാവുന്നതാണ്. ഭിന്നശേഷിയുള്ള വ്യക്തി സ്ഥിരബുദ്ധിയില്ലായെന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്.

**<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>**

1. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. വികലാംഗർക്കുള്ള ഐഡന്റിറ്റി കാർഡ്.
3 . വധു വികലാംഗനായ അപേക്ഷകന്റെ മകളാണെന്ന് തെളിയിക്കുന്ന ജനന സർട്ടിഫിക്കറ്റ് കോർപ്പറേഷൻ / മുനിസിപ്പാലിറ്റി/ പഞ്ചായത്തിൽ നിന്നും ഹാജരാക്കണം.
4 . അപേക്ഷകന്റെ വരുമാനത്തെ സംബന്ധിച്ച ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.
5 . വിവാഹം കഴിച്ചയയ്ക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയുടെ ജനനതീയതി തെളിയിക്കുന്നതിന് സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെയോ, സ്കൂൾ സർട്ടിഫിക്കറ്റിന്റെയോ പകർപ്പോ ബന്ധപ്പെട്ട ജനനമരണ രജിസ്റ്ററിൽ നിന്നുള്ള സർട്ടിഫിക്കറ്റോ.

**<u>അപേക്ഷിക്കേണ്ട വിധം</u>**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## <u>3. സ്നേഹയാനം</u>

നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നിവ ബാധിച്ചവരുടെ പരിചരണവും പുനരധിവാസവും മറ്റ് ഭിന്നശേഷിക്കാരെ അപേക്ഷിച്ച് പ്രയാസകരമാണ്. ഇവരിൽ ഭൂരിഭാഗവും പൂർണ്ണമായും മറ്റുള്ളവരെ ആശ്രയിച്ച് മാത്രം കഴിയുന്നവരാണ്. ഇത്തരം കുടുംബങ്ങളിൽ പ്രധാനമായും അമ്മമാരാണ് ഇവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. പല കുടുംബങ്ങളിലും കുടുംബനാഥയും ഇവരായിരിക്കും. പലരും കുട്ടികളുടെ അച്ഛൻ ഉപേക്ഷിച്ചവരോ, വിധവകളോ, മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തവരോ ആണ്.

ഇത്തരം ഭിന്നശേഷിക്കാരുടെ നിർധനരായ അമ്മമാർക്ക് സ്ഥിരമായ ഒരു ഉപജീവനം കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'സ്നേഹയാനം' എന്ന പദ്ധതി പ്രകാരം സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൈലറ്റ്

അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ 2 ഗുണഭോക്താക്കളെ കണ്ടെത്തി വാഹനം നൽകുന്നതാണ്.

**അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ**

(a) റേഷൻ കാർഡിന്റെ പകർപ്പ്.
(b) അപേക്ഷകയുടെ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്.
( c ) ഭർത്താവ് ഉപേക്ഷിച്ചയാൾ / വിധവ ആണെന്ന് തെളിയിക്കുന്നതിനുള്ള രേഖ/ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.
(d) ത്രീ വീലർ ലൈസൻസിന്റെ പകർപ്പ്.
(e) മകന്റെ/മകളുടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

(1) അപേക്ഷക നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട മാനസിക വെല്ലുവിളി, ഓട്ടിസം, സെറിബ്രൽ പാൽസി, ബഹു വൈകല്യം എന്നിവ ബാധിച്ചവരുടെ അമ്മ ആയിരിക്കണം.
(2) മുൻഗണനാ (ബി.പി.എൽ) വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.
(3) ഭർത്താവ് ഉപേക്ഷിച്ചവരോ/ വിധവകളോ/നിയമപരമായി ബന്ധം വേർപെട്ടവരോ ആയിരിക്കണം.
(4) പ്രായം 55 വയസ്സോ അതിനു താഴെയോ ആയിരിക്കണം.
(5) ത്രീ വീലർ ലൈസൻസ് ഉണ്ടായിരിക്കണം.
(6) അനുവദിക്കുന്ന ഇലക്ട്രിക് ഓട്ടോ മറിച്ച് വിൽക്കാനോ/പണയപ്പെടുത്താനോ പാടില്ല.
(7) വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ് എന്നിവ ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

**അപേക്ഷിക്കേണ്ട വിധം**

ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 4. സ്വാശ്രയ

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പരസഹായമില്ലാതെ അവരുടെ ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിന് കഴിയുകയില്ല. പലപ്പോഴും ഇത്തരക്കാർ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഒരു കുടുംബത്തിൽ/വീട്ടിൽ തീവ്രമായ ശാരീരിക മാനസിക വെല്ലുവിളിയുള്ള ഒരു വ്യക്തി ഉണ്ടെങ്കിൽ ആ വീട്ടിലെ ഒരു മുതിർന്ന വ്യക്തി (അച്ഛൻ/അമ്മ) മറ്റ് ജോലിക്കൊന്നും പോകാൻ കഴിയാതെ അവരെ സംരക്ഷിക്കുന്നതിനും അവരുടെ ദൈനംദിന കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി വീട്ടിൽത്തന്നെ കഴിയേണ്ടിവരുന്നു. ഇത്തരം രോഗാവസ്ഥയിലുള്ളവരെ ഒറ്റയ്ക്ക് വീട്ടിലാക്കിയിട്ട് മറ്റൊരു ജോലിക്ക് പോകാൻ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ തീവ്ര ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ഒറ്റത്തവണയായി 35,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് സ്വാശ്രയ.

**മാനദണ്ഡം**

1) അപേക്ഷകർ BPL കുടുംബാംഗം ആയിരിക്കണം.
2 ) മുഴുവൻസമയ സഹായി ആവശ്യമുള്ള, 50 % മോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവരെ സംരക്ഷിച്ചു വരുന്ന മാതാവ്/പിതാവ്/അടുത്ത ബന്ധുക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിനായി ഒറ്റത്തവണ ധനസഹായം
3 ) ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരുള്ള കുടുംബങ്ങളിലെ മാതാവ്/പിതാവ്/അടുത്ത ബന്ധുക്കൾക്ക് സഹായിയായി നിൽക്കേണ്ട അവസ്ഥയിൽ ഭിന്നശേഷി ശതമാനം ഏതെങ്കിലും ഒരു കുട്ടിക്ക് 40 % ആണെങ്കിൽപ്പോലും ഈ പദ്ധതി പ്രകാരം തുക അനുവദിക്കാം.
4 ) ഭർത്താവിന് ശാരീരിക/മാനസിക ബുദ്ധിമുട്ടുകൾ കാരണം ജോലിക്ക് പോകാൻ സാധിക്കാത്തതും

മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതുമായ സാഹചര്യത്തിൽ ഭർത്താവ് നിലവിലുണ്ടെങ്കിലും ഭിന്നശേഷിയുള്ള കുട്ടിയുടെ മാതാവിന് തുക അനുവദിയ്ക്കാവുന്നതാണ്.
5 ) ഭിന്നശേഷിത്വം മൂലം പുറത്ത് പോയി ജോലി ചെയ്യുവാൻ സാധിയ്ക്കാത്ത ഭിന്നശേഷിക്കാർക്കും ഈ പദ്ധതി പ്രകാരം തുക അനുവദിയ്ക്കാവുന്നതാണ്.

**അപേക്ഷിക്കേണ്ട വിധം**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**5. തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം**

തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെണ്മക്കളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലെ ശോചനീയാവസ്ഥ ഇവരുടെ വിവാഹത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെണ്മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് വഴി വിവാഹ ധനസഹായം അനുവദിക്കുന്നു. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000/- രൂപ നിരക്കിൽ 20 പേർക്കാണ് സാമ്പത്തിക സഹായം ലഭ്യമാകുക.

**നിബന്ധനകൾ**

(1) വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ്/മാതാവ് രണ്ട് വർഷമോ അതിലധികമോ ആയി ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന ആളായിരിക്കണം.

(2) ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.

( 3 ) തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെയും പെൺകുട്ടിയുടെയും പേരുകൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൾ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

( 4 ) വിവാഹം കഴിഞ്ഞ് 6 മാസത്തിനുശേഷമോ ഒരു വർഷത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

( 5 ) അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം.

( 6 ) അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ച് താമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ് മെമ്പർ/കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.

( 7 ) വിവാഹ ധനസഹായം ഒരിക്കൽ അനുവദിച്ചു കഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

( 8 ) ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ട് പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതാണ്.

**അപേക്ഷിക്കേണ്ട വിധം**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## കുട്ടികൾ

1. **ശ്രേഷ്ഠം**

ഭിന്നശേഷിക്കാരായവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് അക്ഷീണം പ്രവർത്തിച്ചു വരുന്നു. RPwD ആക്ട് 2016, Chapter (III) സെക്ഷൻ 16 (1) പ്രകാരം ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മേഖലകളിൽ അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ്/കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. കലാ-കായിക ഇനങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭിന്നശേഷിത്വംകാരണം സ്വന്തം കഴിവുകൾ, അഭിരുചികൾ എന്നിവ വികസിപ്പിക്കാൻ സാധിക്കാതെ വീട്ടിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥ ഒഴിവാക്കി, മികച്ച നേട്ടങ്ങൾ കൈവരിച്ച് അവരെ സമൂഹത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരേണ്ടത് സർക്കാരിന്റെ കൂടി ഉത്തരവാദിത്വമാണ്.

ഇത്തരത്തിൽ മാത്രമേ ഭിന്നശേഷിക്കാരുടെ പൂർണ്ണ പങ്കാളിത്തത്തോട് കൂടെയുള്ള വികസിത സമൂഹം കെട്ടിപ്പടുക്കുന്നതിന് സാധിക്കുകയുള്ളൂ. വ്യത്യസ്ഥ കലാ-കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചത്. ഒരു ജില്ലയിലെ കലാ മേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് **10,000/- രൂപ** വീതം ധനസഹായം അനുവദിക്കുന്നു.

**ലക്ഷ്യങ്ങൾ**

കലാ-കായിക മികവ് ഉണ്ടെങ്കിലും സാമ്പത്തികപരാധീനത മൂലം തങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കുന്നതിന് കഴിയാത്ത അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്ക് തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുവാനും, അതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**മാനദണ്ഡങ്ങൾ**

1) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല.

2 ) അപേക്ഷകൻ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരായിരിക്കണം.

3) സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരായിരിക്കണം.

4 ) സാമ്പത്തികശേഷി കുറഞ്ഞവരും, 40%വും അതിനു മുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPwD ആക്ട് അനുശാസിക്കുന്ന എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും അപേക്ഷിക്കാം

5 ) അപേക്ഷകർക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെയും കലാ-കായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷ നിഷ്കർശിച്ച രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കുക.

2. **വിജയാമൃതം**

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി/തത്തുല്യ കോഴ്സ്, ബിരുദാനന്തര ബിരുദം / പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം.

പദ്ധതി ലക്ഷ്യങ്ങൾ

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസം നേടുന്നതിനും ഉന്നത വിജയം കരസ്ഥമാക്കുന്നതിനും പ്രോത്സാഹനം നൽകുന്നു. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

| ക്രമ നം. | വിഭാഗം | മാനദണ്ഡം | തുക | എണ്ണം |
|---|---|---|---|---|
| 1. | ബിരുദം / തുല്യ കോഴ്സ് | 60% അതിലധികമോ മാർക്ക് ആർട്സ് വിഷയത്തിൽ<br><br>80% അതിലധികമോ മാർക്ക് സയൻസ് വിഷയത്തിൽ | 8000/- | 10 വിദ്യാർത്ഥികൾക്ക് |
| 2. | ബിരുദാനന്തര ബിരുദം/ പി.ജിക്ക് തത്തുല്യ പ്രൊഫഷണൽ കോഴ്സുകൾ | 60 ശതമാനമോ അതിലധികമോ മാർക്ക് | 10,000/- | 5 വിദ്യാർത്ഥികൾക്ക് |

**പദ്ധതി മാനദണ്ഡങ്ങൾ**

1. ഇന്ത്യയിലെ യൂണിവേഴ്സിറ്റികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും നേരിട്ടോ പാരലൽ കോളേജ് / വിദൂര വിദ്യാഭ്യാസം വഴിയോ സർക്കാർ അംഗീകരിച്ച കോഴ്സ് പാസ്സായവർ ആയിരിക്കണം

2. കേരളത്തിനുള്ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിജയിച്ചവർ മാത്രമേ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതുള്ളൂ.

3. ധനസഹായത്തിന് യോഗ്യത നേടിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് സഹിതം), ആധാർ കാർഡ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, എന്നിവ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയതും Bank Passbookന്റെ പകർപ്പ്, എന്നിവയും അപേക്ഷയോടൊപ്പം ഹാജരാക്കണം.

4. അപേക്ഷകൻ ആദ്യ അവസരത്തിൽ തന്നെ പരീക്ഷകൾ പാസായിരിക്കണം.

5. ഒരേ യോഗ്യതയുള്ള ഒന്നിലധികം പേർ ഉണ്ടെങ്കിൽ വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

**<u>അപേക്ഷിക്കേണ്ട വിധം</u>**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

3. **<u>സഹചാരി</u>**

പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC

യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി. ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 3 യൂണിറ്റുകൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്നതോടൊപ്പം പ്രശംസാപത്രവും മെമെന്റോയും നൽകി ആദരിക്കുന്നു.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ:**

ഭിന്നശേഷിക്കാരായ കുട്ടികളെ മാറ്റിനിർത്താതെ സമൂഹത്തിന്റെ ഒരു ഭാഗമാണ് ഇത്തരം കുട്ടികൾ എന്നുള്ള ബോധം സാധാരണക്കാരായ കുട്ടികളുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നു. ഭിന്നശേഷി കുട്ടികളോടുള്ള അവഗണ ഒഴിവാകുമ്പോൾ അവർക്ക് സ്കൂളിൽ എത്തുന്നതിനും വിദ്യാഭ്യാസം നേടുന്നതിനും കൂടുതൽ താൽപര്യം ഉണ്ടാകുന്നു.

**മാനദണ്ഡങ്ങൾ:**

1. ഗവൺമെന്റ്/എയ്ഡഡ്/ പ്രൊഫെഷണൽ കോളേജുകൾക്ക് ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളേയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് NSS/NCC/SPC യൂണിറ്റിന് അവാർഡ് നൽകുന്നു.

2. ഒരു പ്രാവശ്യം അവാർഡ് ലഭിച്ച യൂണിറ്റിന് അടുത്ത മൂന്ന് വർഷത്തെ സമയ പരിധിയ്ക്ക് ശേഷം മാത്രം അവാർഡിനായി പരിഗണിക്കാവുന്നതാണ്.

3. അതാത് യൂണിറ്റ് തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപന മേധാവി ശുപാർശ ചെയ്ത് ഫോട്ടോ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിന് എല്ലാ വർഷവും ജൂലൈ മാസത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും ഒക്ടോബർ, നവംബർ മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടപടി ക്രമം പൂർത്തീകരിച്ച് ഡിസംബർ മൂന്നാം തീയതിയിലെ അന്താരാഷ്ട്ര വികലാംഗ ദിനത്തിൽ അവാർഡ് നൽകുന്നു.

5. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനേയും അവാർഡിനായി പരിഗണിക്കാവുന്നതാണ്.

6. അവാർഡിനായി അപേക്ഷിക്കുന്ന വർഷത്തിന് തൊട്ടു മുൻപുള്ള വർഷത്തെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷ നിഷ്കർശിച്ച രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കുക.

4. **വിദ്യാജ്യോതി**

സാമൂഹ്യനീതി വകുപ്പ് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയ ഭിന്നശേഷി സർവ്വേയിൽ സംസ്ഥാനത്താകെ 7,79,793 പേർ ഭിന്നശേഷിയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,30,799 പേർ 1 8 വയസ്സിൽ താഴെ പ്രായമുള്ളവരാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന വിദ്യാജ്യോതി പദ്ധതി നടപ്പാക്കുന്നു. പദ്ധതി പ്രകാരം സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 40% -മോ അതിന് മുകളിലോ

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യുണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ചുവടെപ്പറയുന്ന പ്രകാരം ധനസഹായം അനുവദിക്കുന്നു.

a. 9 മുതൽ 1 0 ക്ലാസ്സ്--പഠനോപകരണങ്ങൾക്ക്-1000 രൂപ (ഒരു ജില്ലയിൽ 5 0 കുട്ടികൾക്ക്)--യുണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)

b. Plus one, Plus two, ITI, പോളിടെക്ക്നിക്ക്, VHSC-----പഠനോപകരണങ്ങൾക്ക്-2000 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)--യുണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)

c. ഡിഗ്രി, ഡിപ്ലോമ, പ്രൊഫെഷണൽ കോഴ്സ്---പഠനോപകരണങ്ങൾക്ക്-3000 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)

d. പോസ്റ്റ് ഗ്രാജ്വേഷൻ- പഠനോപകരണങ്ങൾക്ക്- 3000 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)

<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>

(1). അപേക്ഷകൻ/ അപേക്ഷക സർക്കാർ/എയ്ഡഡ്/ഓട്ടോണോമസ്/ സർക്കാരിതര അംഗീകൃത സ്കൂളിൽ പഠിയ്ക്കുന്ന ആളായിരിക്കണം.
(2) അപേക്ഷകന് 40%-മോ അതിന് മുകളിലോ വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.
(3) ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല
(4) വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
(5) BPL വിദ്യാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്.
(7) ഒരു വിദ്യാർത്ഥിയ്ക്ക് ഒരു കാറ്റഗറിയിൽ ഒറ്റത്തവണ മാത്രമേ യൂണിഫോമിനു ധനസഹായം അനുവദിയ്ക്കുകയുള്ളൂ.
(8) വരുമാന പരിധി 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

<u>അപേക്ഷിക്കേണ്ട വിധം</u>
പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേനഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. <u>ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്</u>

ഒന്നാം ക്ലാസ്സ് മുതൽ PG/പ്രൊഫഷണൽ കോഴ്സ് വരെ സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന 40% -ഉം അതിൽ കൂടുതലും വൈകല്യ ബാധിതരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് സ്കോളർഷിപ്പ് അനുവദിക്കുന്നു.

(1) അപേക്ഷകൻറെ കുടുംബവാർഷിക വരുമാനം 36,000/- രൂപയും,

(2) വിദ്യാലയ മേധാവി മുഖാന്തരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

| ക്രമ നം. | ശ്രേണി | ദിന പഠിതാക്കൾ | ഹോസ്റ്റൽ പഠിതാക്കൾ | റീഡേഴ്സ് അലവൻസ് |
|---|---|---|---|---|
| 1 | ക്ലാസ് 1 മുതൽ ക്ലാസ് 4 വരെ | 300 | ---- | 200 |
| 2 | ക്ലാസ് 5 മുതൽ ക്ലാസ് 10 വരെ | 500 | ---- | 200 |
| 3 | +1, +2, IT തത്തുല്യ കോഴ്സുകൾ | 750 | 1000 | 300 |

| | | | | |
|---|---|---|---|---|
| 4 | ഡിഗ്രി, പോളിടെക്നിക്ക്, തത്തുല്യ കോഴ്സുകൾ | 1000 | 1500 | 400 |
| 5 | പി.ജി, പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

**<u>അപേക്ഷിക്കേണ്ട വിധം</u>**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

6. **<u>വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്</u>**

സർക്കാർ ആംഗികൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് ഒന്നാം ക്ലാസ്സ് മുതൽ പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഇത്തരക്കാർക്ക് ഓപ്പൺ യുണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്സ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി പ്രയോജനപ്രദമായിരിക്കും. അംഗപരിമിതർക്കിടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും.

**<u>മാനദണ്ഡം</u>**

1) ഇന്ത്യയിലും വിദേശത്തുമുള്ള യുണിവേഴ്സിറ്റികളിൽ നിന്നും വിദൂര പഠനം വഴിയും ഓൺലൈൻ വഴിയും രജിസ്റ്റർ ചെയ്തിട്ടുള്ള ഡിഗ്രിയ്ക്കും അതിനു മുകളിൽ പഠിയ്ക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിയ്ക്കാം.
2) വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടാൻ പാടില്ല.
3) ബന്ധപ്പെട്ട കോഴ്സിന്റെ കാലദൈർഘ്യത്തിൽ മാത്രമേ ധനസഹായം അനുവദിയ്ക്കുകയുള്ളൂ.
4) അഡ്മിഷൻ നേടി 6 മാസത്തിനുള്ളില് അപേക്ഷ സമർപ്പിക്കണം.
5) കോഴ്സ് ഫീ സ്ട്രക്ച്ചർ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

**<u>ധനസഹായം</u>**

രജിസ്സ്ട്രേഷൻ ഫീ, കോഴ്സ് ഫീ / ട്യൂഷൻ ഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

**<u>ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>**

1. ഒരു വിദ്യാർത്ഥിക്ക് ഏതെങ്കിലും ഒരു കോഴ്സിനുള്ള ധനസഹായം മാത്രമേ ലഭിക്കു

2. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽ പെടുന്ന ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയില്ല.

3. ബന്ധപ്പെട്ട കോഴ്സിൻറെ കാലയളവിൽ വിദ്യാർത്ഥിയുടെ പഠന നിലവാരത്തിൻറെ പുരോഗതി വിലയിരുത്തിയായിരിക്കും തുടർവിഷയങ്ങളിൽ സ്കോളർഷിപ്പ് അനുവദിക്കുക. കോഴ്സ് ഇടയ്ക്ക് വെച്ച്

നിർത്തുകയാണെങ്കിൽ ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതായിരിക്കും. അപേക്ഷകർ കൂടുതൽ ഉള്ളപക്ഷം ക്വാളിഫൈയിംഗ് മാർക്കിൻറെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതാണ്.

**<u>അനുബന്ധ രേഖകൾ</u>**

1.യൂണിവേർസിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖകൾ.
2 . രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ / ട്യൂഷൻ ഫീ, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ചെലവഴിച്ച തുക സംബന്ധിച്ച ബില്ലുകൾ/ രസീതികൾ (ശിശുവികസന പദ്ധതി ഓഫീസർ മേലൊപ്പ് വെച്ചത്.)
3. വൈകല്യം തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ ഐഡൻ്റിറ്റി കാർഡ്.
4. വരുമാനം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.
5. രണ്ടാം വർഷം മുതൽ അപേക്ഷ സമർപ്പിക്കുന്നവർ മുൻ വർഷത്തെ പരീക്ഷയ്ക്ക് ഹാജരായതിനുള്ള രേഖ ഹാജരാക്കണം.

കോഴ്സിന് രജിസ്റ്റർ ചെയ്ത് 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

**<u>അപേക്ഷിക്കേണ്ട വിധം</u>**

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**7. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

വിവിധ രീതിയിൽ അതിക്രമത്തിനിരയായ വ്യക്തികളുടെ സാമ്പത്തികവും സാമൂഹ്യവുമായ പരാധീനത മൂലം മക്കൾക്ക് വിദ്യാഭ്യാസം നഷ്ടപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നു. കേസ് കഴിഞ്ഞാൽ മാത്രം ലഭിക്കുന്ന ഒറ്റതവണ നഷ്ടപരിഹാരം പലപ്പോഴും ചികിത്സയ്ക്ക് പോലും തികയാറില്ല. മിക്കവർക്കും നഷ്ടപരിഹാരം ലഭിക്കുന്ന അവസ്ഥയുമില്ല. ഈ സാഹചര്യത്തിൽ കൊല്ലപ്പെടുകയോ, അതിക്രമത്തിനിരയായി കിടപ്പിലാവുകയോ/ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തവരുടെ മക്കൾക്ക് വിദ്യാഭ്യാസം തുടരുന്നതിന്/തുടങ്ങുന്നതിനായി വിദ്യാഭ്യാസ ധനസഹായം നൽകുന്നത് വളരെ ഉചിതമായിരിക്കും.

**ധനസഹായം**

| പഠിക്കുന്ന ക്ലാസ്സ് | അക്കാദമിക വർഷം അനുവദിക്കുന്ന തുക |
|---|---|
| 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും<br>1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കും | Rs. 3000/- |
| 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് | Rs. 5000/- |
| ഹയർ സെക്കണ്ടറി | Rs. 7500/- |
| ബിരുദ വിദ്യാർഥികൾക്ക് | Rs. 10,000/- |
| പി.ജി/എം.ഫിൽ വിദ്യാർത്ഥികൾക്ക് | Rs. 15,000/- |

**യോഗ്യതാ മാനദണ്ഡങ്ങൾ**

1. കുടുംബത്തിൻറെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം

2 . കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന

സ്ഥലത്തെ വാർഡ് കൌൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം.

3. താഴെപ്പറയുന്ന ധനസഹായ പദ്ധതിയിൽനിന്ന് തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വീണ്ടും തുക അനുവദിക്കില്ല.

- **a.** സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി
- **b.** സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിജ്ഞാനദീപ്തി അഥവാ സ്പോൺസർഷിപ്പ് പദ്ധതി.
- **c.** വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ധനസഹായം
- **d.** തടവുകാരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ധനസഹായം

4 . ഡിഗ്രീതലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

5. കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫീസിൽ അപേക്ഷിച്ചിരിക്കണം.

6. ഒരു വർഷം അനുവദിച്ചാൽ കുട്ടിയുടെ വിദ്യാഭ്യാസം തുടരുന്നതിനായി സ്കൂൾ കോളേജ് മേധാവിയോ പുതുതായി വിദ്യാഭ്യാസത്തിന് ചേർന്ന സ്ഥാപന് മേധാവിയോ സാക്ഷ്യപ്പെടുത്തുന്നപക്ഷം തുടർവർഷങ്ങളിലും തുക അനുവദിക്കാവുന്നതാണ്.

7. കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക

8 . റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.

**<u>അപേക്ഷിക്കേണ്ട വിധം</u>**

പദ്ധതിപ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**8.ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ജീവപര്യന്തമോ വധശിക്ഷക്കോ ശിക്ഷിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന ജയിൽ തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

**<u>ധനസഹായം നൽകാവുന്ന കോഴ്സുകൾ</u>**

സംസ്ഥാനത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിലെ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, B VSc, എന്നിവയ്ക്ക് സർക്കാർ കോളേജുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**<u>നിബന്ധനകൾ</u>**

(1) BPL ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം

(2) ജീവപര്യന്തത്തിനോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികളായിരിക്കണം. (ഏറ്റവും കുറഞ്ഞത് 2 വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾ ആയിരിക്കണം)

(3) നിർബന്ധമായും സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.

(4) ഹയർസെക്കൻഡറി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. (കൂടുതൽ അപേക്ഷകർ ഉണ്ടാകുന്ന പക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്).

(5) ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിലും അനുകൂല്യം നൽകുന്നതാണ്

<u>**അപേക്ഷ സ്വീകരിക്കൽ**</u>

(1) അപേക്ഷയോടൊപ്പം റേഷൻ കാർഡിൻറെ പകർപ്പ് ഹാജരാക്കണം.

(2) കോളേജിൽ നിന്നുള്ള വാർഷിക ഫീസ്, ഹോസ്റ്റൽ ഫീസ്, കോളേജിൻറെ ബാങ്ക് അക്കൗണ്ട് നമ്പർ, IFSC നമ്പർ, എന്നിവ.

<u>**അപേക്ഷിക്കേണ്ട വിധം**</u>

പദ്ധതി പ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**9. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ബി.പി.എൽ കാരായ ജയിൽ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായ അനുവദിക്കുന്ന പദ്ധതിയാണിത്. ജയിൽ സൂപ്രണ്ട് മുഖേന അപേക്ഷകൾ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. പദ്ധതി പ്രകാരം അർഹാരായിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ധനസഹായം ലഭ്യമാകും. . കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നതാണ്.

| **പഠിക്കുന്ന ക്ലാസ്സ്** | **അക്കാദമിക വർഷം അനുവദിക്കുന്ന തുക** |
|---|---|
| 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും<br>1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കും | Rs. 3000/- |
| 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് | Rs. 5000/- |
| ഹയർ സെക്കണ്ടറി | Rs. 7500/- |
| ബിരുദ വിദ്യാർഥികൾക്ക് | Rs. 10,000/- |

<u>**അപേക്ഷിക്കേണ്ട വിധം**</u>

പദ്ധതിപ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം

| 2021-22 |
|---|

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാകിരണം | 31.75 |
| 2 | വിദ്യാജ്യോതി | 1.06 |
| 3 | സ്വാശ്രയ | 3.50 |
| 4 | പരിണയം | 31.80 |
| 5 | മാതൃജ്യോതി | 0.91 |
| 6 | പരിരക്ഷ | 0.25 |
| 7 | സഹചാരി | 0.22 |
| 8 | വിജയാമൃതം | 0.52 |
| 9 | വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ് | 0.20 |
| 10 | പ്രൊബേഷൻ &ആഫ്റ്റർ കെയർ- നേർവഴി ഇംപ്ലിമെന്റേഷൻ | 2.76 |
| 11 | മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ ധന സഹായം | 0.45 |
| 12 | പ്രതീക്ഷഭവൻ നവീകരണ പ്രവർത്തനം | 29.24 |
| 13 | പ്രതീക്ഷഭവൻ കോമ്പൗണ്ട് വാൾ നിർമ്മാണം | 64.00 |
| 14 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 1.00 |
| 15 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 18.25 |
| 16 | നിരാമയ ഹെൽത്ത് ഇൻഷുറൻസ്, എൽ.എൽ.സി പ്രവർത്തന ഫണ്ട് | 6.35 |
| 17 | ബാരിയർ ഫ്രീ കേരള പദ്ധതി | 49.66 |
| 18 | സായംപ്രഭ പദ്ധതി | 3.36 |
| 19 | MWPSC Act പദ്ധതി നടപ്പാക്കൽ | 5.68 |
| 20 | വയോരക്ഷ | 0.45 |
| 21 | വയോപോഷണം പദ്ധതി | 13.78 |
| 22 | കോവിഡ്-19 വയോജന കോൾ സെന്റർ പ്രവർത്തനങ്ങൾ | 0.14 |
| 23 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസേഷൻ പ്രോഗ്രാം | 1.00 |
| 24 | ട്രാൻസ്ജെൻഡർ - കോവിഡ്-19 ഫുഡ് കിറ്റ് വിതരണം | 0.41 |
| 25 | അതിജീവനം പദ്ധതി | 0.75 |

2022-23

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| | | |
| 1 | വിദ്യാകിരണം | 37.47 |
| 2 | വിദ്യാജ്യോതി | 0.11 |

| | | | |
|---|---|---|---|
| | | | |
| 3 | സ്വാശ്രയ | 1.75 | |
| 4 | പരിണയം | 18.00 | |
| 5 | മാതൃജ്യോതി | 1.42 | |
| 6 | പരിരക്ഷ | 2.34 | |
| 7 | വിജയാമൃതം | 0.08 | |
| 8 | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിലെ മാനേജർമാർക്കുള്ള ട്രൈനിംഗ് പ്രോഗ്രാം | 0.42 | |
| 9 | പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി ഇംപ്ലിമെന്റേഷൻ | 3.65 | |
| 10 | മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 1.40 | |
| 11 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 2.40 | |
| 12 | പ്രൊബേഷണർമാർ, എക്സ് പ്രൊബേഷണർമാർ എന്നിവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0.30 | |
| 13 | മിത്രം | 0.50 | |
| 14 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 9.57 | |
| 15 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 17.52 | |
| 16 | [illegible] | 23.42 | |

| | | |
|---|---|---|
| 16 | [illegible] പ്രവർത്തന ഫണ്ട് പ്രവർ | 23.42 |
| 17 | വയോമധുരം | 0.015 |
| 18 | വയോ അമൃതം പദ്ധതി | 5.03 |
| 19 | സായംപ്രഭ പദ്ധതി | 14.69 |
| 2o | MWPSC Act പദ്ധതി നടപ്പിലാക്കൽ | 4.48 |
| 21 | വയോരക്ഷ | 0.01 |
| 22 | വയോപോഷണം പദ്ധതി | 11.98 |
| 23 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസെഷൻ പ്രോഗ്രാം | 0.78 |
| 24 | കരുതൽ പദ്ധതി | 1.83 |
| 25 | ട്രാൻസ്ജെൻഡർ ഫെസ്റ്റ് | 0.63 |
| 26 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | 0.20 |
| 27 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 17.79 |
| 28 | അതിജീവനം പദ്ധതി | 6.11 |
| | **2023-24** | |
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (ലക്ഷത്തിൽ )** |
| 1 | വിദ്യാകിരണം | 35. 97 |

| | | |
|---|---|---|
| 2 | വിദ്യാജ്യോതി | 1.11 |
| 3 | സ്വാശ്രയ | 3.50 |
| 4 | പരിണയം | 6.90 |
| 5 | മാതൃജ്യോതി | 2.57 |
| e | പരിരക്ഷ | 0.37 |
| 7 | ഇംപ്രസ്റ്റ് മണി | 0.084 |
| 8 | വിജയാമൃതം | 0.38 |
| 9 | വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ് | 0.092 |
| 1o | I C P | 0.072 |
| 11 | ഭിന്നശേഷി പദ്ധതികളുമായി ബന്ധപ്പെട്ട അവയർനെസ് പ്രോഗ്രാം | 1.47 |
| 12 | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിലെ മാനേജർമാർക്കുള്ള ട്രൈനിംഗ് പ്രോഗ്രാം | 0.51 |
| 13 | പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി ഇംപ്ലിമെന്റേഷൻ | 4.00 |
| 14 | മുൻതടവുകാർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 1.50 |
| 15 | പ്രൊബേഷണർമാർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 0.60 |
| 16 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ | 1.50 |

| | | |
|---|---|---|
| | ധനസഹായ്ം | |
| 17 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0.76 |
| 18 | മിത്രം | 0.94 |
| 19 | പ്രതീക്ഷാഭവനിലെ നവീകരണ പ്രവർത്തനം-ബാലൻസ് തുക | 13.76 |
| 20 | പ്രതീക്ഷാഭവനിലെ ഡീസൽ ഇൻസ്റ്റലേഷൻ വർക്ക് | 8.24 |
| 21 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 1.99 |
| 22 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 16.04 |
| 23 | നിരാമയ ഹെൽത്ത് ഇൻഷുറൻസ്, എൽ.എൽ.സി പ്രവർത്തന ഫണ്ട് പ്രവർ | 1.51 |
| 24 | വയോദിനാചരണ പ്രവർത്തനങ്ങൾ | 0.50 |
| 25 | വയോ അമൃതം പദ്ധതി | 1.78 |
| 26 | സായംപ്രഭ പദ്ധതി | 7.98 |
| 27 | mwpsc act Act പദ്ധതി നടപ്പിലാക്കൽ | 6.01 |
| 28 | വയോരക്ഷ | 0.15 |
| 29 | മന്ദഹാസം | 1.15 |
| 30 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസൈഷൻ പ്രോഗ്രാം | 2.15 |

| | | |
|---|---|---|
| 31 | കരുതൽ പദ്ധതി | 0.42 |
| 32 | ട്രാൻസ്ജെൻഡർ വിവാഹധനസഹായം | 0. 30 |
| 33 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | 0. 40 |
| 34 | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ പദ്ധതി | 0. 40 |
| 35 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 13. 27 |
| 3e | അതിജീവനം പദ്ധതി | 3. 50 |
| | **2024-25** | |
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 1 | വിദ്യാകിരണം | 14. 99 |
| 2 | പരിണയം | 6. 00 |
| 3 | പരിരക്ഷ | 1. 92 |
| 4 | സഹചാരി | 0. 20 |
| 5 | വിജയാമൃതം | 0. 36 |
| 6 | അതിജീവനം പദ്ധതി | 6. 54 |
| 7 | പ്രൊബേഷൻ & ആഫ്റ്റർ കെയർ — നേർവഴി ഇംപ്ളിമെന്റേഷൻ | 5. 90 |
| 8 | മുൻതടവുകാർക്കുള്ള സ്വയം തൊഴിൽ | 0. 45 |

| | | |
|---|---|---|
| [illegible] | [illegible] ധനസഹായം | [illegible] |
| 9 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 0. 90 |
| 10 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0.56 |
| 11 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 0.47 |
| 12 | എൽ.എൽ.സി പ്രവർത്തന ഫണ്ട് | 1.54 |
| 13 | വയോജന ദിനാചരണ പ്രവർത്തനങ്ങൾ | 5.41 |
| 14 | എൽഡർ അബ്യൂസ് ഡെ ദിനാചരണ പ്രവർത്തനങ്ങൾ | 0.49 |
| 15 | വയോ അമൃതം പദ്ധതി | 0.89 |
| 16 | സായംപ്രഭ | 9.24 |
| 17 | mwpsc act പദ്ധതി നടപ്പാക്കൽ | 3.78 |
| 18 | വയോരക്ഷ | 0.13 |
| 19 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 12. 18 |

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റീസ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റീസിലൂടെ (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന

സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ രൂപം നൽകി നടപ്പാക്കി വരുന്നത്. അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന**

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവിപരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും OAEഎന്ന ഉപകരണവും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

2. **കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന**

നവജാത ശിശുക്കളുടെ കേൾവിപരിശോധനയിൽ കേൾവിപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവിപ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

4. **റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു.

**5. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക്പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽപലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന നിരക്കിൽ 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

**6. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**7. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക്** (1800 120 1001)

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

**8.ഓട്ടിസം സെററുകൾ**

ഓട്ടിസം കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം

സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. സെന്ററിലൂടെ ഈ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ.

### 9. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### 10. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുളള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾപ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

### 11.സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ യുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### 12 ഹോർട്ടികൾച്ചർ തെറാപ്പി

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി

സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും നടന്നു വരുന്നു.

**13. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ളവൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെഈ പദ്ധതി നടപ്പിലാക്കുകയും രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നു.

**14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ളവൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**15 ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾപ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**16 അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, ആലപ്പുഴ**

ഭിന്നശേഷിമേഖലയിലെ സമഗ്രമായ ഇടപെടലിനായി ഒരു കേന്ദ്രം എന്ന നിലയിൽ കേരള സാമൂഹ്യ

സുരക്ഷാമിഷൻ (KSSM) — സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) സംസ്ഥാന സർക്കാറിന്റെ കീഴിൽ ആവിഷ്കരിച്ച പദ്ധതിയാണ് അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്. ഏർളി ഇന്റർവെൻഷൻ അടക്കം, സാമൂഹ്യ പുനരധിവാസത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഭിന്നശേഷി മേഖലയ്ക്ക് ആകെ പ്രയോജനപ്പെടുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്.

ഈ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്നത് പ്രധാനമായും ഈ കേന്ദ്രത്തെ സമീപിക്കുന്ന ഒരു ഗുണഭോക്താവിന്റെ വ്യക്തിഗത പരിപാലന പദ്ധതി (ICP) തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രമായ മെഡിക്കൽ/ തെറാപ്പി/ കൌൺസിലിംഗ് /സാമൂഹ്യ പുനരധിവാസം/ സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നതിന് അവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നതാണ്.

**17."റിഥം"കേരള സർക്കാർ - സാമൂഹ്യനീതിവകുപ്പിന് കീഴിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അനുഗ്രഹീത കലാ പ്രതിഭകളുടെ സംസ്ഥാന ആർട്ട് ട്രൂപ്പ്.**

ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (Talent Search for Youth with Disabilities) എന്ന പദ്ധതി, കലാ - സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി, കൂടുതൽ വൈദഗ്ദ്യം ലഭ്യമാക്കി പ്രസ്തുത കലയിൽ അവരെ വിദഗ്ദ്ധർ ആക്കി സാമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടു വരുന്നതിലേയ്ക്കായിട്ടാണ് നടപ്പാക്കിയത്.

സംസ്ഥാനതലത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസിലൂടെ തിരഞ്ഞെടുത്ത അനുഗ്രഹീത പ്രതിഭകളിൽ പേർഫോമിങ് ആർട്സ് ഇനത്തിൽ പരിപാടി അവതരിപ്പിച്ച പ്രതിഭകളെ സംസ്ഥാന തലത്തിൽ 2024 - 25 വർഷത്തിൽ ഒരു സ്ക്രീനിങ് നടത്തി 15 ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി സംസ്ഥാനതല റിഥം ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്.

18 State Program for Education and Empowerment for Disabilities (SPEED - സ്പീഡ്).

ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനം മുതൽ പുനരധിവാസം വരെ നീണ്ട് നിൽക്കുന്ന, ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ/റിഹാബിലിറ്റേഷൻ/പാരാമെഡിക്കൽ/സപ്പോർട്ട്സർവീസ്/വിവിധ പേരന്റ് ഗ്രൂപ്പുകൾ എന്നിവർക്കായി തുടർച്ചയായ പരിശീലന, ബോധവർക്കരണ പരിപാടികൾ ആണ് സാമൂഹ്യനീതി വകുപ്പ് — സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി State Program for Education and Empowerment for Disabilities (SPEED- സ്പീഡ്) എന്ന പദ്ധതി ആരംഭിക്കുകയും ആദ്യ ഇടപെടൽ ആയി ഓട്ടിസം മേഖലയിലെ നേരത്തെയുള്ള കണ്ടെത്തലിനും, ഇടപെടലിനും അവശ്യമായ "Comprehensive Resource Book on Autism Management" എന്ന ബുക്ക് റിലീസ് ചെയ്യുകയും ചെയ്തു.

<u>മാനദണ്ഡം</u> : ഭിന്നശേഷിയുള്ള വ്യക്തികൾക്കായാണ് ലിംഗഭേദമന്യേ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. കൂടാതെ വൈകല്യം സംശയിക്കപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ ഇടപെടൽ, ചികിത്സ,

തെറാപ്പി എന്നിവ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:**

1 ) **സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **സ്നേഹസ്പർ ശം** പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**2 ) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 1 2 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി.** എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകി വരുന്നു

<u>**3 ) സ്നേഹപൂർവ്വം പദ്ധതി :**</u> മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് **സ്നേഹപൂർവ്വം** പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

<u>**4 ) മിഠായി:**</u> Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിൻറെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടി മാത്രം നടപ്പാക്കുന്നതാണെങ്കിലും, മിഷന്റെ മറ്റ് പദ്ധതികളിലും ഈ വിഭാഗക്കാർ ഗുണഭോക്താക്കളായിട്ടുണ്ട്

**<u>കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സ്ത്രീകളും , കുട്ടികളും ഉൾപ്പടെയുള്ള ഭിന്നശേഷിക്കാരായവർക്കു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ</u>**

**1. സഹായ ഉപകരണങ്ങളുടെ വിതരണം**

കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്പ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡിവി.ഡി.പ്ളെയറുകൾ., കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, സിപി. ചെയറുകൾ , വാക്കർ തുടങ്ങിയ ഉപകരണങ്ങൾ കോർപ്പറേഷനിൽനിന്ന് നൽകിവരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോട്ടുകൂടിയ നിശ്ചിത അപേക്ഷാ ഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്. ഇതിൽ ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രമാണ് 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ നൽകി വരുന്നത്.

**2. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി, പ്ലസ് 2**

**വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർ ഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല

**3. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സുവരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3 പ്രായ പരിധി 12 നവജാതശിശു മുതൽ : വയസ് വരെ.

എ (ട്രസ്റ്റി കോർപ്പറേഷൻ

ബി (ഫണ്ട് റീലീസ് 18 : വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

4. വിദ്യാഭ്യാസ വായ്പ്പ

നാഷണൽ ദിവ്യംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. 2000 മുതൽ വിദ്യാഭ്യാസ വായ്പ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. ഇന്ത്യക്ക് അകത്തും പുറത്തും ഡിഗ്രീ തലം മുതലുള്ള വിദ്യാഭ്യാസത്തിനു 4 ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ കോർപറേഷൻ വായ്പയായി അനുവദിക്കുന്നു. ഇതിൽ 4 ലക്ഷം വരെയുള്ള വായ്പക്ക് ഈട് ആവശ്യമില്ല.

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിലെ പ്രവർത്തനങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിലല്ല നടത്തി വരുന്നത്. ആയതിനാൽ തന്നെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള ഡാറ്റ നിലവിൽ സൂക്ഷിച്ചിട്ടില്ല. കോർപ്പറേഷൻ നടത്തുന്ന മെഡിക്കൽ ക്യാമ്പ് വഴിയും കോർപ്പറേഷൻറെ ഹെഡ് ആഫീസ്, രണ്ട് റീജ്യണൽ ആഫീസുകൾ, ഒരു ജില്ലാ ആഫീസ് എന്നിവ വഴി നേരിട്ടുമാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

മഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളും ഫണ്ടിൻറെ ലഭ്യത അനുസരിച്ച് പരിഗണിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1 . ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്.

ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്,

വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്പോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം.

(12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

2, ട്രൈസ്കൂട്ടർ വിതരണം-നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷികവരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Elegibility Criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3, മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ 12 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകന് ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4.സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/-രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേക്കായി കോർപ്പറേഷൻ,അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ 1,2പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കി വരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ. കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം —തൊഴിലിന് സാമ്പത്തിക സഹായം. സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

8. എൻ.ഡി.എഫ്.ഡി.സി വായ്പ

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. കൂടാതെ സ്വയംതൊഴിൽ വായ്പക്ക് കാലാവധി കഴിഞ്ഞ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 25000 രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളി വായ്പ തീർപ്പാക്കൽ, വായ്പ കാലാവധിക്കുൾ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി അനുവദിച്ചു വരുന്നു.

പലിശ നിരക്ക്ചുവടെ ചേർക്കുന്നു.

1.സ്വയംതൊഴിൽ, വാഹന വായ്പ

| വായ്പ തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001-5,00,000/- രൂപ വരെ | 6% |
| 5,00,001-15,00,000/- രൂപ വരെ | 7% |
| 15,00,001-30,00,000-രൂപ വരെ | 8% |
| 30,00,001-50,00,000/- രൂപ വരെ | 9% |
| 5,00,001-50,00,000/- രൂപ വരെ | |

2. ഭവന വായ്പ (മെറീഹോം)

| വായ്പ തുക | പലിശ ഭവന വായ്പ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001-5,00,000/- രൂപ വരെ | 6% |
| 5,00,001-50,00,000/- രൂപ വരെ | 7% |

3. വിദ്യാഭ്യാസ വായ്പ

| വായ്പ തുക | പലിശ വിദ്യാഭ്യാസ വായ്പ |
|---|---|
| 50,00,000/-രൂപ വരെ | 4% |

(50000 രൂപ വരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

9, ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി, പ്ളസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരള സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവരും നടപ്പ് അക്കാദമിക വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല).

10. ഗുരുതരമായ ഭിന്നശേഷിത്വ കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിരനിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3, പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

എ) ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

12. ഭവനവായ്പ (മെറീഹോം) പദ്ധതി - കേരളത്തിലെ ഭവനരഹിതരായ

ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50ലക്ഷം രൂപ വരെ വായ്പ അനുവദിച്ചുവരുന്നു. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 40ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കേണം. പ്രോജക്ട് അപ്രൈസൽ കമ്മറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിനു മുകളിൽ 50 ലക്ഷം രൂപ വരെ 7% വുമാണ് പലിശ ഈടാക്കുന്നത്.

അനുബന്ധം - 2

<u>**അപേക്ഷിക്കേണ്ട വിധം**</u>

പദ്ധതിപ്രകാരമുള്ള അപേക്ഷ സുനീതി പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം

| 2021-22 |
|---|

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാകിരണം | 31.75 |
| 2 | വിദ്യാജ്യോതി | 1.06 |
| 3 | സ്വാശ്രയ | 3.50 |
| 4 | പരിണയം | 31.80 |
| 5 | മാതൃജ്യോതി | 0.91 |
| 6 | പരിരക്ഷ | 0.25 |
| 7 | സഹചാരി | 0.22 |
| 8 | വിജയാമൃതം | 0.52 |
| 9 | വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ് | 0.20 |
| 10 | പ്രൊബേഷൻ &ആഫ്റ്റർ കെയർ- നേർവഴി ഇംപ്ലിമെന്റേഷൻ | 2.76 |
| 11 | മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ ധന സഹായം | 0.45 |
| 12 | പ്രതീക്ഷഭവൻ നവീകരണ പ്രവർത്തനം | 29.24 |
| 13 | പ്രതീക്ഷഭവൻ കോമ്പൗണ്ട് വാൾ നിർമ്മാണം | 64.00 |
| 14 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 1.00 |
| 15 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 18.25 |
| 16 | നിരാമയ ഹെൽത്ത് ഇൻഷുറൻസ്, എൽ.എൽ.സി പ്രവർത്തന ഫണ്ട് | 6.35 |
| 17 | ബാരിയർ ഫ്രീ കേരള പദ്ധതി | 49.66 |
| 18 | സായംപ്രഭ പദ്ധതി | 3.36 |
| 19 | MWPSC Act പദ്ധതി നടപ്പാക്കൽ | 5.68 |
| 20 | വയോരക്ഷ | 0.45 |
| 21 | വയോപോഷണം പദ്ധതി | 13.78 |
| 22 | കോവിഡ്-19 വയോജന കോൾ സെന്റർ പ്രവർത്തനങ്ങൾ | 0.14 |
| 23 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസേഷൻ പ്രോഗ്രാം | 1.00 |
| 24 | ട്രാൻസ്ജെൻഡർ - കോവിഡ്-19 ഫുഡ് കിറ്റ് വിതരണം | 0.41 |
| 25 | അതിജീവനം പദ്ധതി | 0.75 |

2022-23

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| | | |
| 1 | വിദ്യാകിരണം | 37.47 |
| 2 | വിദ്യാജ്യോതി | 0.11 |

| | | |
|---|---|---|
| | | |
| 3 | സ്വാശ്രയ | 1.75 |
| 4 | പരിണയം | 18.00 |
| 5 | മാതൃജ്യോതി | 1.42 |
| 6 | പരിരക്ഷ | 2.34 |
| 7 | വിജയാമൃതം | 0.08 |
| 8 | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിലെ മാനേജർമാർക്കുള്ള ട്രൈനിംഗ് പ്രോഗ്രാം | 0.42 |
| 9 | പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി ഇംപ്ളിമെന്റേഷൻ | 3.65 |
| 10 | മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 1.40 |
| 11 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 2.40 |
| 12 | പ്രൊബേഷണർമാർ, എക്സ് പ്രൊബേഷണർമാർ എന്നിവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0.30 |
| 13 | മിത്രം | 0.50 |
| 14 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 9.57 |
| 15 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 17.52 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 16 | [illegible] പ്രവർത്തന ഫണ്ട് പ്രവർ | 23.42 |
| 17 | വയോമധുരം | 0.015 |
| 18 | വയോ അമൃതം പദ്ധതി | 5.03 |
| 19 | സായംപ്രഭ പദ്ധതി | 14.69 |
| 2o | MWPSC Act പദ്ധതി നടപ്പിലാക്കൽ | 4.48 |
| 21 | വയോരക്ഷ | 0.01 |
| 22 | വയോപോഷണം പദ്ധതി | 11.98 |
| 23 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസൈഷൻ പ്രോഗ്രാം | 0.78 |
| 24 | കരുതൽ പദ്ധതി | 1.83 |
| 25 | ട്രാൻസ്ജെൻഡർ ഫെസ്റ്റ് | 0.63 |
| 26 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | 0.20 |
| 27 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 17.79 |
| 28 | അതിജീവനം പദ്ധതി | 6.11 |
| | 2023-24 | |
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 1 | വിദ്യാകിരണം | 35. 97 |

| | | |
|---|---|---|
| 2 | വിദ്യാജ്യോതി | 1. 11 |
| 3 | സ്വാശ്രയ | 3. 50 |
| 4 | പരിണയം | 6. 90 |
| 5 | മാതൃജ്യോതി | 2. 57 |
| e | പരിരക്ഷ | 0. 37 |
| 7 | ഇംപ്രസ്റ്റ് മണി | 0. 084 |
| 8 | വിജയാമൃതം | 0. 38 |
| 9 | വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ് | 0. 092 |
| 1o | I C P | 0. 072 |
| 11 | ഭിന്നശേഷി പദ്ധതികളുമായി ബന്ധപ്പെട്ട അവയർനെസ് പ്രോഗ്രാം | 1. 47 |
| 12 | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിലെ മാനേജർമാർക്കുള്ള ട്രൈനിംഗ് പ്രോഗ്രാം | 0. 51 |
| 13 | പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി ഇംപ്ളിമെന്റേഷൻ | 4. 00 |
| 14 | മുൻതടവുകാർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 1. 50 |
| 15 | പ്രൊബേഷണർമാർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 0. 60 |
| 16 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ | 1. 50 |

| | | |
|---|---|---|
| | ധനസഹായ്ം | |
| 17 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0. 76 |
| 18 | മിത്രം | 0. 94 |
| 19 | പ്രതീക്ഷാഭവനിലെ നവീകരണ പ്രവർത്തനം- ബാലൻസ് തുക | 13. 76 |
| 20 | പ്രതീക്ഷാഭവനിലെ ഡീസൽ ഇൻസ്റ്റലേഷൻ വർക്ക് | 8. 24 |
| 21 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 1. 99 |
| 22 | സൈക്കോ സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി | 16. 04 |
| 23 | നിരാമയ ഹെൽത്ത് ഇൻഷുറൻസ്, എൽ.എൽ.സി പ്രവർത്തന ഫണ്ട് പ്രവർ | 1. 51 |
| 24 | വയോദിനാചരണ പ്രവർത്തനങ്ങൾ | 0. 50 |
| 25 | വയോ അമൃതം പദ്ധതി | 1. 78 |
| 26 | സായംപ്രഭ പദ്ധതി | 7. 98 |
| 27 | mwpsc act Act പദ്ധതി നടപ്പിലാക്കൽ | 6. 01 |
| 28 | വയോരക്ഷ | 0. 15 |
| 29 | മന്ദഹാസം | 1. 15 |
| 30 | ട്രാൻസ്ജെൻഡർ - സെൻസിറ്റൈസൈഷൻ പ്രോഗ്രാം | 2.15 |

| | | |
|---|---|---|
| 31 | കരുതൽ പദ്ധതി | 0.42 |
| 32 | ട്രാൻസ്ജെൻഡർ വിവാഹധനസഹായ ം | 0. 30 |
| 33 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | 0. 40 |
| 34 | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ പദ്ധതി | 0. 40 |
| 35 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 13. 27 |
| 3e | അതിജീവനം പദ്ധതി | 3. 50 |
| | **2024-25** | |
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 1 | വിദ്യാകിരണം | 14. 99 |
| 2 | പരിണയം | 6. 00 |
| 3 | പരിരക്ഷ | 1. 92 |
| 4 | സഹചാരി | 0. 20 |
| 5 | വിജയാമ ്യതം | 0. 36 |
| 6 | അതിജീവനം പദ്ധതി | 6. 54 |
| 7 | പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി ഇംപ്ളിമെന്റേഷൻ | 5. 90 |
| 8 | മുൻതടവുകാർക്കുള്ള സ്വയം തൊഴിൽ | 0. 45 |

| | | |
|---|---|---|
| [illegible] | [illegible] ധനസഹായം | [illegible] |
| 9 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം | 0. 90 |
| 10 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 0.56 |
| 11 | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ | 0.47 |
| 12 | എൽ.എൽ.സി പ്രവർത്തന ഫണ്ട് | 1.54 |
| 13 | വയോജന ദിനാചരണ പ്രവർത്തനങ്ങൾ | 5.41 |
| 14 | എൽഡർ അബ്യൂസ് ഡെ ദിനാചരണ പ്രവർത്തനങ്ങൾ | 0.49 |
| 15 | വയോ അമൃതം പദ്ധതി | 0.89 |
| 16 | സായംപ്രഭ | 9.24 |
| 17 | mwpsc act പദ്ധതി നടപ്പാക്കൽ | 3.78 |
| 18 | വയോരക്ഷ | 0.13 |
| 19 | ക്ഷേമസ്ഥാപനങ്ങളിലെ കെയർ പ്രൊവൈഡർമാർക്കുള്ള ഹോണറേറിയം | 12. 18 |

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റീസ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റീസിലൂടെ (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന

സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ രൂപം നൽകി നടപ്പാക്കി വരുന്നത്. അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന**

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവിപരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും OAEഎന്ന ഉപകരണവും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

2. **കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന**

നവജാത ശിശുക്കളുടെ കേൾവിപരിശോധനയിൽ കേൾവിപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവിപ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

4. **റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു.

**5. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക്പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽപലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന നിരക്കിൽ 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

**6. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം , വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**7. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക്** (1800 120 1001)

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

**8.ഓട്ടിസം സെററുകൾ**

ഓട്ടിസം കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം

സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. സെന്ററിലൂടെ ഈ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ.

### 9. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### 10. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾപ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

### 11.സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ യുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### 12 ഹോർട്ടികൾച്ചർ തെറാപ്പി

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി

സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും നടന്നു വരുന്നു.

**13. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ളവൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെഈ പദ്ധതി നടപ്പിലാക്കുകയും രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നു.

**14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ളവൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**15 ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾപ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**16 അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, ആലപ്പുഴ**

ഭിന്നശേഷിമേഖലയിലെ സമഗ്രമായ ഇടപെടലിനായി ഒരു കേന്ദ്രം എന്ന നിലയിൽ കേരള സാമൂഹ്യ

സുരക്ഷാമിഷൻ (KSSM) – സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) സംസ്ഥാന സർക്കറിന്റെ കീഴിൽ ആവിഷ്കരിച്ച പദ്ധതിയാണ് അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്. ഏർളി ഇന്റർവെൻഷൻ അടക്കം, സാമൂഹ്യ പുനരധിവാസത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഭിന്നശേഷി മേഖലയ്ക്ക് ആകെ പ്രയോജനപ്പെടുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്.

ഈ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്നത് പ്രധാനമായും ഈ കേന്ദ്രത്തെ സമീപിക്കുന്ന ഒരു ഗുണഭോക്താവിന്റെ വ്യക്തിഗത പരിപാലന പദ്ധതി (ICP) തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രമായ മെഡിക്കൽ/ തെറാപ്പി/ കൌൺസിലിംഗ് /സാമൂഹ്യ പുനരധിവാസം/ സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നതിന് അവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നതാണ്.

**17.“റിഥം”കേരള സർക്കാർ - സാമൂഹ്യനീതിവകുപ്പിന് കീഴിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അനുഗ്രഹീത കലാ പ്രതിഭകളുടെ സംസ്ഥാന ആർട്ട് ട്രൂപ്പ്.**

ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (Talent Search for Youth with Disabilities) എന്ന പദ്ധതി, കലാ - സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി, കൂടുതൽ വൈദഗ്ദ്യം ലഭ്യമാക്കി പ്രസ്തുത കലയിൽ അവരെ വിദഗ്ദ്ധർ ആക്കി സാമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടു വരുന്നതിലേയ്ക്കായിട്ടാണ് നടപ്പാക്കിയത്.

സംസ്ഥാനതലത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസിലൂടെ തിരഞ്ഞെടുത്ത അനുഗ്രഹീത പ്രതിഭകളിൽ പേർഫോമിങ് ആർട്സ് ഇനത്തിൽ പരിപാടി അവതരിപ്പിച്ച പ്രതിഭകളെ സംസ്ഥാന തലത്തിൽ 2024 - 25 വർഷത്തിൽ ഒരു സ്ക്രീനിങ് നടത്തി 15 ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി സംസ്ഥാനതല റിഥം ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്.

18 State Program for Education and Empowerment for Disabilities (SPEED - സ്പീഡ്).

ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനം മുതൽ പുനരധിവാസം വരെ നീണ്ട് നിൽക്കുന്ന, ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ/റിഹാബിലിറ്റേഷൻ/പാരാമെഡിക്കൽ/സപ്പോർട്ട്സർവീസ്/വിവിധ പേരന്റ് ഗ്രൂപ്പുകൾ എന്നിവർക്കായി തുടർച്ചയായ പരിശീലന, ബോധവർക്കരണ പരിപാടികൾ ആണ് സാമൂഹ്യനീതി വകുപ്പ് – സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി State Program for Education and Empowerment for Disabilities (SPEED- സ്പീഡ്) എന്ന പദ്ധതി ആരംഭിക്കുകയും ആദ്യ ഇടപെടൽ ആയി ഓട്ടിസം മേഖലയിലെ നേരത്തെയുള്ള കണ്ടെത്തലിനും, ഇടപെടലിനും അവശ്യമായ "Comprehensive Resource Book on Autism Management" എന്ന ബുക്ക് റിലീസ് ചെയ്യുകയും ചെയ്തു.

<u>**മാനദണ്ഡം**</u> : ഭിന്നശേഷിയുള്ള വ്യക്തികൾക്കായാണ് ലിംഗഭേദമന്യേ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. കൂടാതെ വൈകല്യം സംശയിക്കപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ ഇടപെടൽ, ചികിത്സ,

തെറാപ്പി എന്നിവ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:**

1 ) **സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **സ്നേഹസ്പർ ശം** പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**2 ) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 1 2 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി.** എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകി വരുന്നു

**3 ) സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് **സ്നേഹപൂർവ്വം** പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

**4 ) മിഠായി:** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിൻറെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മിറ്റായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടി മാത്രം നടപ്പാക്കുന്നതാണെങ്കിലും, മിഷന്റെ മറ്റ് പദ്ധതികളിലും ഈ വിഭാഗക്കാർ ഗുണഭോക്താക്കളായിട്ടുണ്ട്

**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സ്ത്രീകളും , കുട്ടികളും ഉൾപ്പടെയുള്ള ഭിന്നശേഷിക്കാരായവർക്കു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ**

1. **സഹായ ഉപകരണങ്ങളുടെ വിതരണം**

കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡിവി.ഡി.പ്ളെയറുകൾ., കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, സിപി. ചെയറുകൾ , വാക്കർ തുടങ്ങിയ ഉപകരണങ്ങൾ കോർപ്പറേഷനിൽനിന്ന് നൽകിവരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാ ഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്. ഇതിൽ ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രമാണ് 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ നൽകി വരുന്നത്.

**2. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി, പ്ലസ് 2**

**വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർ ഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല

**3. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സുവരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3 പ്രായ പരിധി 12 നവജാതശിശു മുതൽ : വയസ് വരെ.

എ (ട്രസ്റ്റി കോർപ്പറേഷൻ

ബി (ഫണ്ട് റിലീസ് 18 : വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

4. വിദ്യാഭ്യാസ വായ്പ്പ

നാഷണൽ ദിവ്യംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. 2000 മുതൽ വിദ്യാഭ്യാസ വായ്പ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. ഇന്ത്യക്ക് അകത്തും പുറത്തും ഡിഗ്രീ തലം മുതലുള്ള വിദ്യാഭ്യാസത്തിനു 4 ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ കോർപറേഷൻ വായ്പയായി അനുവദിക്കുന്നു. ഇതിൽ 4 ലക്ഷം വരെയുള്ള വായ്പക്ക് ഈട് ആവശ്യമില്ല.

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിലെ പ്രവർത്തനങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിലല്ല നടത്തി വരുന്നത്. ആയതിനാൽ തന്നെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള ഡാറ്റ നിലവിൽ സൂക്ഷിച്ചിട്ടില്ല. കോർപ്പറേഷൻ നടത്തുന്ന മെഡിക്കൽ ക്യാമ്പ് വഴിയും കോർപ്പറേഷൻറെ ഹെഡ് ആഫീസ്, രണ്ട് റീജ്യണൽ ആഫീസുകൾ, ഒരു ജില്ലാ ആഫീസ് എന്നിവ വഴി നേരിട്ടുമാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

മഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളും ഫണ്ടിൻറെ ലഭ്യത അനുസരിച്ച് പരിഗണിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1 . ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്.

ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്,

വീൽചെയർ, മുന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്പ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം.

(12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

2, ട്രൈസ്കൂട്ടർ വിതരണം-നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷികവരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Elegibility Criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3, മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ 12 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകന് ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4.സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/-രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേക്കായി കോർപ്പറേഷൻ,അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ 1,2പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കി വരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ. കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം —തൊഴിലിന് സാമ്പത്തിക സഹായം. സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

8. എൻ.ഡി.എഫ്.ഡി.സി വായ്പ

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. കൂടാതെ സ്വയംതൊഴിൽ വായ്പക്ക് കാലാവധി കഴിഞ്ഞ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 25000 രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളി വായ്പ തീർപ്പാക്കൽ, വായ്പ കാലാവധിക്കുൾ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി അനുവദിച്ചു വരുന്നു.

പലിശ നിരക്ക്ചുവടെ കുറിക്കുന്നു.

1.സ്വയംതൊഴിൽ, വാഹന വായ്പ

| വായ്പ തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001-5,00,000/- രൂപ വരെ | 6% |
| 5,00,001-15,00,000/- രൂപ വരെ | 7% |
| 15,00,001-30,00,000-രൂപ വരെ | 8% |
| 30,00,001-50,00,000/- രൂപ വരെ | 9% |
| 5,00,001-50,00,000/- രൂപ വരെ | |

2. ഭവന വായ്പ (മെറീഹോം)

| വായ്പ തുക | പലിശ ഭവന വായ്പ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001-5,00,000/- രൂപ വരെ | 6% |
| 5,00,001-50,00,000/- രൂപ വരെ | 7% |

3. വിദ്യാഭ്യാസ വായ്പ

| വായ്പ തുക | പലിശ വിദ്യാഭ്യാസ വായ്പ |
|---|---|
| 50,00,000/-രൂപ വരെ | 4% |

(50000 രൂപ വരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

9, ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി, പ്ളസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരള സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവരും നടപ്പ് അക്കാദമിക വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല).

10. ഗുരുതരമായ ഭിന്നശേഷിത്വ കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിരനിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3, പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

എ) ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

12. ഭവനവായ്പ (മെറീഹോം) പദ്ധതി - കേരളത്തിലെ ഭവനരഹിതരായ

ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50ലക്ഷം രൂപ വരെ വായ്പ അനുവദിച്ചുവരുന്നു. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 40ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കേണം. പ്രോജക്ട് അപ്രൈസൽ കമ്മറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിനു മുകളിൽ 50 ലക്ഷം രൂപ വരെ 7% വുമാണ് പലിശ ഈടാക്കുന്നത്.